ഭരണഭാഷ–മാതൃഭാഷ

ICDS/A6-2495/22

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 17.01.2022
ഇ–മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

## സർക്കുലർ

വിഷയം: വനിത ശിശു വികസന വകുപ്പ് ബഡ്ജറ്റ് - സൈക്കോസോഷ്യൽ പദ്ധതി - അഡോളസന്റ് ഗേൾസ് ക്ലബ് പുനരുജ്ജീവിപ്പിക്കുന്നത് -സർക്കലർ - സംബന്ധിച്ച്.

സൂചന : സർ. ഉ (സാധാ) നം.386/2021/സാനീവ തീയതി : 03/06/2021

ജീവിതത്തിലെ വളരെ വർണശബളമായ കാലം കൌമാര പ്രായമാണെങ്കിലും ഈ കാലഘട്ടത്തിൽ കുട്ടികൾ മാനസിക- ശാരീരിക - വൈകാരിക വെല്ലുവിളികൾ നേരിടുന്നുണ്ട്. കൌമാരക്കാരുടെ വിവിധ തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, അവർക്ക് ജീവിതത്തിൽ ലക്ഷ്യ ബോധമുണ്ടാക്കുന്നതിനും, `അവരെ ശാക്തീകരിക്കേണ്ടത് ആവശ്യമാണ്. മേൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പ് ഓരോ അങ്കണവാടികൾ കേന്ദ്രീകരിച്ച കുമാരി ക്ലബ്ബുകൾ ആരംഭിക്കുകയുണ്ടായി. കുമാരി ക്ലബ്ബുകളിലെ കുട്ടികൾക്ക് പോഷകാഹാര വിതരണം, ആരോഗ്യ- പോഷണ വിദ്യാഭ്യാസം, നിയമ സാക്ഷരത, ജീവിത നൈപുണ്യ വിദ്യാഭ്യാസം മറ്റു വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം, സ്കിൽ ഡെവലപ്പ്മെൻറ് എന്നീ മേഖലകളിൽ ആദ്യകാലങ്ങളിൽ മികച്ച രീതിയിൽ പ്രവർത്തനം കാഴ്ചവച്ചിരുന്ന കുമാരി ക്ലബ്ബുകൾ, വിവിധ കാരണങ്ങളാൽ നിലവിൽ നിർജീവാവസ്ഥയിലാണ്. ടി സാഹചര്യത്തിൽ ജനുവരി 24 ലെ ദേശീയ ബാലികാദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ മുഴുവൻ കുമാരിക്ലബ്ബുകളും പുനരുജ്ജീവിപ്പിക്കാനും, പ്രവർത്തന ക്ഷമമാക്കുവാനും, അതിലൂടെ സംസ്ഥാനത്തെ കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണവും ശാരീരികവും മാനസികമായ ഉന്നമനവും വകുപ്പ് ലക്ഷ്യമിടുന്നു.

അതിന്റെ ഭാഗമായി കുട്ടികളുടെ വിവിധ കലാ-കായിക വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനും, അവർക്ക് മാനസിക പിന്തുണ നല്കുന്നതിനുതകുന്നതുമായ വിവിധ പ്രവർത്തനങ്ങളും, സെമിനാറുകളും സംഘടിപ്പിക്കേണ്ടതാണ്. നിലവിലെ കോവിഡ് സാഹചര്യങ്ങൾ കണക്കിലെടുത്ത് മേൽ പരിപാടികൾ ഓൺലൈൻ ആയി നടത്തേണ്ടതും സാഹചര്യം മാറുന്ന മുറയ്ക്ക് ഓഫ് ലൈൻ മാർഗേണ പ്രവർത്തനങ്ങൾ തുടരേണ്ടതുമാണ്. സംസ്ഥാനത്തെ കുമാരി ക്ലബ്ബുകൾ പുനസംഘടിപ്പിക്കുന്നതു സംബന്ധിച്ച് 20/1/2022നു മുന്പായി പഞ്ചായത്ത് അധികൃതർ,

ജനപ്രതിനിധികൾ എന്നിവർക്കും, അങ്കണവാടി പ്രവർത്തകർക്കും കുമാരി ക്ലബ് പുനരുജ്ജീവിപ്പിക്കുന്നത് സംബന്ധിച്ചും, 2022 ജനുവരി 24 ലെ ദേശീയ ബാലികാ ദിനാചരണത്തോടനുബന്ധിച്ച് എല്ലാ കുമാരി ക്ലബ്ബുകളും "വർണക്കൂട്ട്" എന്ന പേരിൽ പുനർ നാമകരണം ചെയ്ത് പ്രവർത്തനങ്ങൾ നടത്തുന്നതിനെ സംബന്ധിച്ചും അറിയിപ്പുകൾ അതാത് CDPO/ ICDS സൂപ്പർവൈസർമാർ നൽകേണ്ടതാണ്.

**കുമാരി ക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ**

- ഓരോ അങ്കണവാടി പ്രവർത്തകരും, അതത് ഏരിയയിലെ ALMC മീറ്റിങ്ങുകൾ ഓൺലൈൻ ആയി വിളിച്ച് ചേർക്കേണ്ടതും, ടി വിവരങ്ങൾ ALMC യെ ബോധ്യപ്പെടുത്തേണ്ടതുമാണ്.
- ALMC സഹകരണത്തോടെ 2022 ജനുവരി 24 ന് സംസ്ഥാനത്തെ കുമാരി ക്ലബ്ബുകൾ "വർണക്കൂട്ട്" എന്ന് പുനർനാമകരണം നടത്തി ഉദ്ഘാടനം ചെയ്യേണ്ടതും, ടി ദിവസം ബാലികാദിനം ആചരിക്കേണ്ടതുമാണ്.
- കുമാരി ക്ലബ്ബുകളിലെ കുട്ടികൾക്കിടയിൽ Peergroup സപ്പോർട്ടിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തി ഓറിയെൻറഷൻ പ്രോഗ്രാം CDPO മാർ സംഘടിപ്പിക്കേണ്ടതാണ്.
- ALMC യുടെ സഹകരണത്തോടെ കുമാരി ക്ലബ്ബുകളിലെ അംഗങ്ങൾ എല്ലാ മാസവും ഒരു നിശ്ചിത ദിവസം ഒത്തു കൂടുന്നതിനു ICDS തലത്തിൽ CDPO മാർ തീയതി നിശ്ചയിച്ച് നല്കേണ്ടതും ടി ദിവസങ്ങളിൽ നിർദ്ദേശിച്ചിട്ടുളള രീതിയിൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.
- അന്നേ ദിവസം കുട്ടികളുടെ കലാപരമായ കഴിവുകൾ കണ്ടെത്തുന്നതിലേയ്ക്ക് ചിത്രരചന, പ്രസംഗം, ഉപന്യാസരചന തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. ഇതിലെയ്ക്കാവശ്യമായ സമകാലിക പ്രാധാന്യമുള്ള വിഷയങ്ങൾ CDPOമാർ നിശ്ചയിച്ച് നൽകേണ്ടതും, പരിപാടി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.
- സ്കൂൾ തലത്തിൽ NSS/NCC എന്നിവയിൽ അംഗങ്ങളായിട്ടുള്ളവർക്ക് മുൻഗണന നൽകി ഓരോ കുമാരി ക്ലബിലും ലീഡർഷിപ് ക്വാളിറ്റിയുള്ള ഒരാളെ ലീഡറായി തെരഞ്ഞെടുക്കേണ്ടതാണ്. ലീഡറെ സഹായിക്കുന്നതിനായി മറ്റൊരാളെ കൂടി തെരഞ്ഞെടുക്കാവുന്നതാണ്.
- വിവിധ വകുപ്പുകളുടെ സേവനങ്ങൾ പരിചയപ്പെടുത്തുന്നതിലെയ്ക്ക് പോലിസ്, എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം, മൃഗപരിപാലനം, ഡയറി, LSGD, വ്യവസായം, റവന്യൂ, വനിത ശിശു

വികസനം, സാമൂഹ്യനീതി, ദുരന്ത നിവാരണം തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ നടത്താവുന്നതാണ്. ലീഡർമാർക്ക് വിവിധ വിഷയങ്ങളിൽ പ്രോജക്റ്റ്തല TOT പരിശീലനം നല്കാവുന്നതും തുടർന്ന് അവരിലൂടെ മറ്റുള്ള അംഗങ്ങൾക്ക് പരിശീലനം നല്കാവുന്നതുമാണ്. (ഉദാ - first-aid, ന്യൂട്രിഷൻ, അനീമിയ പോക്സോ നിയമം, മറ്റു വിവിധ നിയമങ്ങൾ എന്നിവ സംബന്ധിച്ച്)

- കൌമാര കുട്ടികൾക്കായുള്ള Mid upper arm circumference tape ലഭ്യമാണെങ്കിൽ അവ ഉപയോഗിച്ച് wasting നിർണയിക്കാവുന്നതും, BMI ചെക്ക് ചെയ്ത് ന്യൂട്രിഷ്യനിസ്റ്റിന്റെ സഹായം നൽകാവുന്നതുമാണ്. (കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക്)
- "വർണക്കൂട്ടിലെ" ഓരോ അംഗങ്ങൾക്കും അങ്കണവാടികളിൽ Port Folio സൂക്ഷിക്കേണ്ടതാണ്. കുട്ടികൾ ചെയ്ത കാര്യങ്ങൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ തന്നെ രേഖപ്പെടുത്തി ഫോട്ടോകൾ ഉണ്ടെങ്കിൽ അതുൾപ്പെടെ Port Folio യിൽ സൂക്ഷിക്കാവുന്നതാണ്. ടി പോർട്ട് ഫോളിയോയിൽ കുട്ടികൾക്ക് ലഭ്യമായിട്ടുള്ള പരിശീലന വിവരങ്ങൾ, പഠന കലാ-കായിക മേഖലകളിൽ ലഭിച്ചിട്ടുള്ള നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്താവുന്നതാണ്.
- പ്രാദേശികമായ സഹകരണത്തോടെ ഓരോ അങ്കണവാടിയിലും ലൈബ്രറി ക്രമീകരിക്കേണ്ടതാണ്. ലഭ്യമായ പുസ്തകങ്ങൾ, സംഭാവന ചെയ്തവരുടെ വിവരങ്ങൾ ഉൾപ്പെടെ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. പുസ്തകങ്ങൾ കൈമാറ്റം ചെയ്ത് വായനാശീലം വളർത്തുന്നതിന് കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പുസ്തകങ്ങൾ വായിച്ചത് സംബന്ധിച്ച വിവരങ്ങൾ ആസ്വാദനക്കുറിപ്പ് തുടങ്ങിയവ Port Folio യിൽ സൂക്ഷിക്കേണ്ടതാണ്.
- "വർണക്കൂട്ടിലെ" അംഗങ്ങളിൽ സേവന തൽപരത ഉണർത്തുന്നതിനായി ALMC യുടെ സഹകരണത്തോടെ കിടപ്പ് രോഗികളുടെ വീടുകൾ, വൃദ്ധസദനം എന്നിവിടങ്ങളിൽ അങ്കണവാടി പ്രവർത്തകർ, "വർണക്കൂട്ടിലെ" അംഗങ്ങളോടൊപ്പം, സന്ദർശനം നടത്തി അവരോടൊപ്പം കുറച്ച് സമയം ചെലവഴിക്കുക.
- പാതിവഴിയിൽ പഠനം ഉപേക്ഷിച്ച കുട്ടികളെ കണ്ടെത്തി അവരെ പഠനത്തിലേയ്ക്ക് തിരികെ കൊണ്ടുവരിക.
- അനീമിയ ലക്ഷണങ്ങൾ ഉള്ള കുട്ടികൾക്ക് ന്യൂട്രിഷ്യനിസ്റ്റിന്റെ സേവനം നല്കുക. ഇവർക്ക് തുടർ സേവനങ്ങൾ ലഭ്യമാക്കുക.
- സേവനങ്ങൾ നല്കുന്ന ബാങ്ക് ATM കൌണ്ടർ, പോസ്റ്റ് ഓഫീസ്, ആരോഗ്യ സ്ഥാപങ്ങൾ പോലീസ് സ്റ്റേഷൻ തുടങ്ങിയ പൊതുസ്ഥാപനങ്ങൾ സന്ദർശിച്ച് സേവനങ്ങൾ

പ്രയോജനപ്പെടുത്തുന്നതിന് ഇവരെ പ്രാപ്തരാക്കുക. ഇതിലേയ്ക്കായി ICDS സൂപ്പർ വൈസർമാരുടെ മാർഗ നിർദേശങ്ങളും ഏകോപനവും ഉണ്ടായിരിക്കേണ്ടതാണ്.

- അധികൃതരുടെ അനുവാദത്തോടെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥിതി ചെയ്യുന്ന ഏരിയയിലെ അങ്കണവാടി വർക്കറിന്റെ സഹായത്തോടെ സ്കൂളുകളിൽ CDPO/ സൂപ്പർവൈസർ കുമാരി ക്ലബ്ബുകൾ രൂപീകരിക്കേണ്ടതും, സാധ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

ഇവ കൂടാതെ കൗമാരപ്രായക്കാരായ കുട്ടികളെ ശാക്തീകരിക്കുന്നതിനാവശ്യമായ മറ്റു പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

## സ്പോർട്സ് / ഗെയിം കിറ്റ്

ശാരീരിക മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും, ഭാവിയിൽ ജീവിത ശൈലീരോഗങ്ങൾ തടയുന്നതിനും വ്യായാമം സഹായിക്കുന്നു. ചെറുപ്പം മുതൽ തന്നെ വ്യായാമത്തിൽ ഏർപ്പെടുന്നത് പ്രമേഹം, രക്ത സമ്മർദം, ആർത്തവ പ്രശ്നങ്ങൾ തുടങ്ങിയ രോഗങ്ങളെ അകറ്റുന്നതിന് സഹായിക്കും.

- കുമാരി ക്ലബ്ബുകളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് ഓരോ അങ്കണവാടിയ്ക്കും 1,000/-രൂപ വിനിയോഗിച്ച് sports kit വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ICDS സൂപ്പർവൈസർമാർ മുഖാന്തിരമാണ് വാങ്ങൽ നടത്തേണ്ടത്. sports kitൽ ഉൾപ്പെടുത്തേണ്ട sports ഐറ്റങ്ങളുടെ വിവരം (Indoor/Outdoor) ALMC യിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. അങ്കണവാടിയുടെ സ്ഥല സൗകര്യം അനുസരിച്ചായിരിക്കണം sport items തീരുമാനിക്കേണ്ടത്. (ഇതിലേക്കായി sponsorshipഉം പരിഗണിക്കാവുന്നതാണ് )

മേൽ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനു CDPO, സൂപ്പർവൈസർ എന്നിവരുടെ മേൽനോട്ടം ഉണ്ടായിരിക്കേണ്ടതും, സ്കൂൾ കൗൺസിലർമാർ, ന്യൂട്രീഷ്യനിസ്റ്റുകൾ, NNM കോർഡിനേറ്റർമാർ, മറ്റു വകുപ്പുകൾ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

## ദേശീയ ബാലികാദിനം - ജനുവരി 24

### പ്രവർത്തനങ്ങൾ / നിർദേശങ്ങൾ

ജനുവരി 24ലെ ദേശീയ ബാലികാ ദിനാചരണം ഓൺലൈൻ ആയി സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് ALMC, കുമാരി ക്ലബ് അംഗങ്ങൾ, വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, എന്നിവർ സംയുക്തമായി ചർച്ച നടത്തി ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങൾ ആധാരമാക്കി പരിപാടികൾ തീരുമാനിക്കേണ്ടതാണ്.

- കുട്ടികളുടെ കലാപരിപാടികൾ നടത്താവുന്നതാണ്.
- വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പ് പങ്ക് വയ്ക്കുക.
- പോഷകഗുണം നഷ്ടപ്പെടാതെ തയ്യാറാക്കുന്ന വിവിധ റെസിപ്പികളെപ്പറ്റി ചർച്ച ചെയ്യുക.
- കൗമാരപ്രായക്കാരായ കുട്ടികളുടെ ആഹാരക്രമം, ശാരീരിക പ്രശ്നങ്ങളും, പരിഹാരവും, ആർത്തവ ശുചിത്വവും പ്രശ്നങ്ങളും, കരിയർ പ്ലാനിംഗ്, ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശമനുസരിച്ചുള്ള ജീവിതനൈപുണ്യങ്ങൾ, ശാരീരിക വ്യായാമം, യോഗ, ശ്വസന വ്യായാമം, സാമൂഹ്യ മാദ്ധ്യമങ്ങൾ, മൊബൈൽ ദുരുപയോഗം ശൈശവ വിവാഹം ഇവ ആരോഗ്യാത്മകമായി ഉപയോഗിക്കേണ്ടതെങ്ങനെ, പഠനം, തൊഴിൽ കണ്ടെത്തൽ ഇവയുടെ പ്രാധാന്യം. ഇങ്ങനെ ഇവർക്ക് അനുയോജ്യമായ വിവിധ വിഷയങ്ങളിൽ മറ്റ് വകുപ്പുകളുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ നടത്താവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിച്ച് കൗമാര ക്ലബ് പ്രവർത്തന ക്ഷമമാക്കേണ്ടതും, ജനുവരി 24 ദേശീയ ബാലികാദിന പരിപാടികൾ നടത്തേണ്ടതുമാണ്. പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ മികവു കണക്കിലെടുത്ത് മികച്ച കുമാരിക്ലബുകളെ തെരഞ്ഞെടുത്ത് അവാർഡ് നല്കുന്നതിനായി പരിഗണിക്കുന്നതാണ്. പ്രൊജക്റ്റ് തലത്തിൽ ഏറ്റവും മികവു പുലർത്തുന്ന ക്ലബ്ബിനു 1250 രൂപയും, ജില്ലാതലത്തിൽ തെരഞ്ഞെടുക്കുന്ന കുമാരി ക്ലബ്ബിനു 5000 രൂപയും, സംസ്ഥാന തലത്തിൽ തെരഞ്ഞെടുക്കുന്ന ഏറ്റവും മികച്ച കുമാരി ക്ലബ്ബിനു 10000 രൂപയും മാർച്ച് 8 വനിതാ ദിനത്തോടനുബന്ധിച്ച അവാർഡ് വിതരണം ചെയ്യുന്നതാണ്.

ഇതുകൂടാതെ ഓരോ പഞ്ചായത്തിലും ഏറ്റവും നന്നായി പ്രവർത്തനങ്ങൾ നടത്തുന്ന ഓരോ കുമാരി ക്ലബ്ബിനെ കണ്ടെത്തി "വർണക്കൂട്ടിലെ" കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്കായി വൈഫൈ കണക്ഷൻ നൽകുന്നതിനായി പരിഗണിക്കുന്നതാണ്. ബാലിക ദിനാചരണത്തിന്റെ ഭാഗമായി ആരംഭിക്കുന്ന പ്രവർത്തനങ്ങൾ വനിതാദിന ആഘോഷങ്ങളുമായി ബന്ധപ്പെട്ട മാർച്ച് 8

വരെ തുടരേണ്ടതും, ആയതിലെയ്ക്കുള്ള തുടർ നിർദേശങ്ങൾ ഈ കാര്യാലയത്തിൽ നിന്നും നൽകുന്നതുമായിരിക്കും.

മേൽ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും മികച്ച രീതിയിൽ ബാലികാദിനം സംഘടിപ്പിക്കുന്നതിനും CDPO, സൂപ്പർവൈസർ എന്നിവരുടെ മേൽനോട്ടം ഉണ്ടായിരിക്കേണ്ടതും, സ്കൂൾ കൗൺസിലർമാർ, ന്യട്രിഷ്യനിസ്റ്റുകൾ, NNM കോഡിനെറ്റർമാർ, മറ്റു വകുപ്പുകൾ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും,

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. സ്റ്റോക്ക് ഫയൽ / സ്പെയർ